"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് - "ഹരിതോജ്ജ്വലം - മാലിന്യമുക്ത ചെങ്ങന്നൂർ" പ്രോജക്ട് നമ്പർ 144/25 - പൊതു ചടങ്ങുകളിൽ കാറ്ററിംഗിന് പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കൾ ഒഴിവാക്കുന്നതിനും, സ്റ്റീൽ/ക്രോക്കറി കാറ്ററിംഗ് ഉപകരണങ്ങൾ വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഹരിത കർമ്മസേനയ്ക്ക് നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1069/2025/LSGD തീയതി,തിരുവനന്തപുരം, 28-04-2025

---

പരാമർശം:-

1. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചയത്ത് സെക്രട്ടറിയുടെ 24/10/2024 ലെ LSGD/BP/CHR/ALP/165/2024-D നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 27/03/2025-ലെ തീരുമാനം നമ്പർ 4.27

**<u>ഉത്തരവ്</u>**

ഖരദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് പൂർണ്ണവും ഫലപ്രദവും സുസ്ഥിരവുമായ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ചെങ്ങന്നൂർ പഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള "ഹരിതോജ്ജ്വലം -മാലിന്യ മുക്ത ചെങ്ങന്നൂർ" പ്രോജക്ടിന്റെ ഭാഗമായി പൊതു ചടങ്ങുകളുമായി ബന്ധപ്പെട്ട കാറ്ററിംഗിന് പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കൾ ഒഴിവാക്കുന്നതിനും, ഹരിതകർമ്മ സേനാംഗങ്ങൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്റ്റീൽ/ക്രോക്കറി പ്ലേറ്റുകൾ, സ്റ്റീൽ ഗ്ലാസ്സുകൾ, കെറ്റിൽ, ട്രേ, സ്പൂൺ തുടങ്ങിയവ ഹരിത കർമ്മ സേനാംഗങ്ങൾക്ക് നൽകുകയും, ഹരിത കർമ്മസേന മുഖേന ഇവ വാടകയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നുവെന്നും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചയത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അറിയിച്ചു. ഭാവിയിൽ ചെമ്പ്, ഉരുളി പോലുള്ള കാറ്ററിംഗിന് ആവശ്യമായ സാധനങ്ങളും നൽകാൻ ഉദ്ദേശിക്കുന്നതായും ഈ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ സൂക്ഷിക്കുന്നതാണ് എന്നും, ശുചിത്വ മേഖലയിലുള്ള ഉദ്യോഗസ്ഥൻ ഇത് മോണിറ്ററിംഗ് ചെയ്യുന്നതാണെന്നും പൊതു ചടങ്ങിൽ ഇവരുടെ സേവനം ലഭ്യമാക്കുന്നതിന് കിട്ടുന്ന വാടക ഉൾപ്പടെയുള്ള പ്രതിഫലം ഇവർക്ക് അധിക വരുമാനമാവുകയും ചെയ്യുമെന്നും അറിയിച്ചിരിക്കുന്നു. വികസന ഫണ്ട് സാധാരണ വിഹിതത്തിൽ 6 ലക്ഷം രൂപ വകയിരുത്തി ഏറ്റെടുത്തിട്ടുള്ള ഈ പദ്ധതി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു.

2) 27/03/2025 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസഥാനതല കോർഡിനേഷൻ കമ്മിറ്റി ടി വിഷയം പരിഗണിക്കുകയും തീരുമാനം 4.27 പ്രകാരം അനുമതി നല്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ "ഹരിതോജ്ജ്വലം - മാലിന്യമുക്ത ചെങ്ങന്നൂർ" പ്രോജക്ട് നമ്പർ 144/25-ന്റെ ഭാഗമായി പൊതു ചടങ്ങുകളുമായി ബന്ധപ്പെട്ട കാറ്ററിംഗിന് പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കൾ ഒഴിവാക്കുന്നതിനും, സ്റ്റീൽ/ക്രോക്കറി പ്ലേറ്റുകൾ,

സ്റ്റീൽ ഗ്ലാസ്സുകൾ, കെറ്റിൽ, ട്രേ, സ്പൂൺ തുടങ്ങിയവ വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് ഹരിത കർമ്മസേനയ്ക്ക് കാറ്ററിംഗ് ഉപകരണങ്ങൾ നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Manish V V
Date: 28-04-2025 13:04:08